"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ ഓൺലൈൻ ഫയലിംഗ് സംവിധാനമായ **E DAAKHIL** മുഖാന്തിരം അപേക്ഷാ ഫീസ് ആയി **1456** വരവ് ശീർഷകത്തിൽ ഓൺലൈൻ ആയി ഒടുക്കിയ തുകയായ **2000** /-രൂപ റീഫണ്ട് ചെയ്ത് നൽകുന്നതിന് - അനുമതി ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃ കാര്യ വകുപ്പ്

സ.ഉ.(സാധാ) നം.**23/2025/CAD** തീയതി,തിരുവനന്തപുരം, **12-05-2025**

---

പരാമർശം:-
1. **07/08/2017** ലെ സ ഉ (പി) **102/2017**/ധന നമ്പർ ഉത്തരവ്
2. ശ്രീമതി. എസ്. ലക്ഷ്മി ദേവി. ശ്രീ. ജി. ആർ. പിള്ള എന്നിവർ **E DAAKHIL** മുഖാന്തിരം സമർപ്പിച്ച **18/10/2023** ലെ പരാതി
3. ശ്രീമതി. എസ്. ലക്ഷ്മി ദേവി. ശ്രീ. ജി. ആർ. പിള്ള എന്നിവർ **E DAAKHIL** മുഖാന്തിരം സമർപ്പിച്ച **02/07/2024** ലെ അപേക്ഷ
4. പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണറുടെ **21/03/2025** ലെ **CCS/278/2025/CA 5** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീമതി. എസ്. ലക്ഷ്മി ദേവി. ശ്രീ. ജി. ആർ. പിള്ള എന്നിവർ ചേർന്ന് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഓൺലൈൻ ഫയലിംഗ് സംവിധാനമായ ***E DAAKHIL*** മുഖാന്തിരം പരാമർശം (2) പ്രകാരം സമർപ്പിച്ച പരാതി കമ്മീഷന്റെ അധികാര പരിധിയിൽ പെടാത്തതിനാൽ ഫയലിംഗ് ഫീസായി ഒടുക്കിയ തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. അതിൻ പ്രകാരം ***E DAAKHIL*** മുഖാന്തിരം സമർപ്പിച്ച പരാതി ഫീസായി **1456** വരവ് ശീർഷകത്തിൽ ഓൺലൈൻ ആയി ഒടുക്കിയ തുകയായ **2000** /-രൂപ റീഫണ്ട് ചെയ്ത് നല്കണമെന്ന ഇവരുടെ ആവശ്യത്തിന്മേൽ അനുമതി ലഭ്യമാക്കണമെന്നു കമ്മീഷണർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **'Rule 200(KTC**

Vol I), Article 35&36 (KFC Vol I) എന്നീ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകർ ഓൺലൈൻ അപേക്ഷാ ഫീസായി ഒടുക്കിയ 2000/- രൂപ റീഫണ്ട് ചെയ്ത് നൽകുന്നതിന് പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീണ്‍
അഡിഷണൽ സെക്രട്ടറി

1.ശ്രീമതി. എസ്. ലക്ഷ്മി ദേവി. ശ്രീ. ജി. ആർ. പിള്ള, താന്നിക്കൽ ടി.പി നോർത്ത് ,മണ്ണാറശ്ശാല പി ഓ ,ഹരിപ്പാട്,പിൻ -690514

2.പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ ,തിരുവനന്തപുരം

3.സെക്രട്ടറി & രജിസ്ട്രാർ ,സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ,തിരുവനന്തപുരം

4.അക്കൗണ്ടന്റ് ജനറൽ (എ &ഇ )/ആഡിറ്റ് , തിരുവനന്തപുരം

5. ജില്ലാ ട്രഷറി ഓഫീസർ , തിരുവനന്തപുരം

6.വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)

7.കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (CA3 /81/2025/CAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ